# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -6387 08.11.2016 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അടച്ച നടപ്പാതയുടെ തടസ്സം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേരള ഹൈക്കോടതിയുടെ 7.7.15 ലെ WP(C)/6171/15 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൂജപ്പുര പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ അടച്ച നടപ്പാതയുടെ തടസ്സം നീക്കിയോ;ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ; | (എ) ബഹു.ഹൈക്കോടതി W.P(C) 16171/2015 ൻ മേൽ 07/07/2015-ൽ വിധിന്യായമൊന്നും പുറപ്പെടുവിക്കുകയോ W.P(C) 16171/2015 ൻ മേൽ 17/07/2015 തീയതി പ്രകാരം മതിൽ പൊളിച്ചുമാറ്റുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി സ്വീകരിച്ച നടപടികളെ സംബന്ധിച്ച് റിപ്പോർട്ട് ബഹു.കോടതിയിൽ ഹാജരാക്കുന്നതിനാണ് ഉത്തരവ് ലഭിച്ചിരുന്നത്. |
| (ബി) മേൽ ഉത്തരവ് പ്രകാരം മ്യൂസിയം സി.ഐ. ഹൈക്കോടതിയിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തുവോ; ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ? | (ബി) മ്യൂസിയം ഇൻസ്പെക്ടർ എതിർ സത്യവാങ്മൂലം ഈ കേസിൽ സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ പൂജപ്പുര പോലീസ് സ്റ്റേഷൻ ക്രൈം 1109/2015 u/s 447, 427 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് സാക്ഷികളെ കണ്ടുചോദിച്ചിട്ടുള്ളതും, സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട്, റവന്യൂ രേഖകൾ, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, സ്കെച്ച് തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ശേഖരിച്ചിട്ടുള്ളതും ടി കേസിനാസ്പദമായി തർക്കവഴിയുടെയും മറ്റും ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ